**പതിനഞ്ചാം കേരള നിയമസഭ**

**മൂന്നാം സമ്മേളനം**

**ബഹു സ്പീക്കറുടെ റൂളിംഗ്**

**06-10-2021**

**(6) ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത**

2021 ഒക്ടോബർ 6-ാം തീയതി 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിന്റെ അവതരണവേളയിൽ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 73 പ്രകാരം സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ ധനകാര്യ മെമ്മോറാണ്ടത്തിൽ ബിൽ നിയമമാകുന്ന സാഹചര്യത്തിലുണ്ടാകുന്ന ആവർത്തന/ആവർത്തനേതര ചെലവുകളുടെ പ്രതീക്ഷിത കണക്കുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണെന്നും ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ നൽകുന്നില്ലെന്നും പ്രസ്തുത ബില്ലിന്റെ സെക്ഷൻ 13-ൽ ബോർഡിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസുകളും അടക്കമുള്ള ചെലവ് പറയുന്നുണ്ടെന്നും ബില്ലിന്റെ ഭാഗമായിട്ടുള്ള

**ചെലവുകൾ കൃത്യമായി പറയാത്തത് നിരുത്തരവാദപരവും നിയമസഭാ പ്രവർത്തനങ്ങളോടുള്ള അവഹേളനവുമാണെന്നും** സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നോ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നോ ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തി ബിൽ പാസ്സാക്കുന്നതിനുമുമ്പ് സഭയിൽ സർക്കുലേറ്റ് ചെയ്യണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിൽ ബോർഡിന് നൽകേണ്ട ഗ്രാന്റ്/ധനസഹായം എന്നിവയ്ക്കുള്ള തുക സർക്കാർ നിശ്ചിയിച്ചിട്ടില്ലാത്തതിനാൽ മതിപ്പ് ചെലവ് മുൻകൂട്ടി കണക്കാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രതീക്ഷിത കണക്കുകൾ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും അതൊഴിവാക്കി ധനകാര്യ മെമ്മോറാണ്ടം സമർപ്പിക്കുന്ന കീഴ്‌വഴക്കമുണ്ടെന്നും തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി

വിശദീകരണം നൽകുകയുണ്ടായി.

**ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.**

**"കള്ള് വ്യവസായ വികസന ബോർഡിലേയ്ക്ക് ധനസഹായം/ഗ്രാന്റ് ഇനത്തിൽ നൽകേണ്ടിവരുന്ന തുക എത്രയാണെന്നതു സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തകവും അനാവർത്തകവുമായി വരാവുന്ന ചെലവ് സംബന്ധിച്ച തുക കണക്കാക്കാൻ സാധിക്കുന്നില്ലെന്ന് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചേർത്തു വന്നിരുന്നതിനാൽ അത് അപാകമാണെന്ന് കാണാനാകില്ല. മാറിയ സാമൂഹ്യ സാമ്പത്തിക സാഹചര്യത്തിൽ പുതിയ നിയമനിർമ്മാണത്തിന് ഭാവിയിൽ തയ്യാറെടുക്കുന്ന വേളയിൽ അതുമൂലം ഖജനാവിനുണ്ടാകാവുന്ന അധിക ബാധ്യത സംബന്ധിച്ച മതിപ്പ് ചെലവ് കണ്ടെത്തി ധനകാര്യ മെമ്മോറാണ്ടത്തിന്റെ ഭാഗമാക്കുന്നതായിരിക്കും ഉചിതം. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.”**